അർഹതപ്പെട്ടതായിട്ടുണ്ട്. ഫുൾ ബഡ്ജറ്റ് പാസ്സായ ഉടൻ തന്നെ ആ നഷ്ടപരിഹാരം അറിടെ എത്തിക്കുന്നതാണ്. മറ്റു കാര്യങ്ങളെ സംബന്ധിച്ച്, റോഡ് നിർമ്മിക്കുന്ന കാര്യത്തെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മെമ്പറുടെ അപേക്ഷ കിട്ടുന്ന മുറയ്ക്ക് അതിനെ സംബന്ധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ തന്നെ ഭൂമി പോയ ആളുകൾക്ക് പകരം ഭൂമി കൊടുക്കുന്ന കാര്യം സംബന്ധിച്ച് ആലോചിക്കാം.

(4) അയിരൂർ - പാറക്കടവ് പുത്തൻവേലിക്കര കുടിവെള്ള പദ്ധതി

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായ വടകര നിയോജകമണ്ഡലത്തിലെ കുന്നുകര, പാറക്കടവ് പഞ്ചായത്തുകൾക്ക് പൂർണ്ണമായും, പുത്തൻവേലിക്കര പഞ്ചായത്തിന് ഭാഗികമായും പ്രയോജനപ്പെടുന്ന പദ്ധതിയാണ് അയിരൂർ-പാറക്കടവ് പുത്തൻവേലിക്കര പദ്ധതി. ഇത് രണ്ടു ഫെയിസുകളായി 1994-ൽ തുടങ്ങി. അതിന്റെ ഏതാണ്ട് സെക്കന്റ് ഫെയിസിന്റെ 99 ശതമാനവും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഒരു തോട് ക്രോസ് ചെയ്യാൻ 200 മീറ്റർ പൈപ്പുണ്ടെങ്കിൽ വരൾച്ചക്കാലത്തിന് മുമ്പ മുടക്കിയ ഈ പദ്ധതിയുടെ ഒരു ഭാഗം കമ്മീഷൻ ചെയ്യാൻ കഴിയും. അതിന്റെ ഫസ്റ്റ് ഫെയ്സിന് ഏതാണ്ട് 60%-ത്തോളം പണി പൂർത്തിയായിക്കഴിഞ്ഞു. ഈ ഭാഗത്തിന്റെ പണി നിറുത്തി വച്ചിരിക്കുകയാണ്. അടിയന്തിരമായി 200 മീറ്റർ പൈപ്പ് അനുവദിച്ചാൽ സെക്കന്റ് ഫെയ്സ് പൂർത്തിയാക്കാൻ കഴിയും. അടിയന്തിരമായി അത് നടപ്പാക്കുവാനും നിറുത്തിവച്ചിരിക്കുന്ന ആദ്യ ഫെയ്സിന്റെ പണി അടിയന്തിരമായി തുടങ്ങുവാനുമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രോജക്ട് അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം തന്നെ റിവ്യൂ നടത്തി. അത് എ.ആർ.പി. സ്കീമിൽ എടുത്തിരിക്കുന്ന പദ്ധതിയാണ്. 1993-ൽ ഇതിന് ഭരണാനുമതി കൊടുത്തു. 210.36 ലക്ഷം രൂപയുടെ പദ്ധതിയാണ്. പഞ്ചായത്തധികൃതർ ഇതിനാവശ്യമായിട്ടുള്ള സ്ഥലം നൽകണമെന്നുള്ളതാണ്. പഞ്ചായത്ത് സ്ഥലം തരാതിരുന്നതുകൊണ്ടാണ് ഈ പ്രോജക്ട് താമസിച്ചത്. നെടുമ്പാശ്ശേരി എയർപോർട്ടും കൂടി വന്നു കഴിഞ്ഞപ്പോൾ ചെങ്ങമനാട്-നെടുമ്പാശ്ശേരി പദ്ധതിയുമായി ഈ പദ്ധതി ബന്ധിപ്പിക്കുകയുണ്ടായി. പണികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. മെമ്പർ ഇവിടെ പറഞ്ഞതുപോലെ പുരുക്കം ചില പണികളാണ് അവശേഷിക്കുന്നത്. 2004 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയും. അതനുസരിച്ചുള്ള ക്രമീകരണങ്ങളാണ് ചെയ്തിരിക്കുന്നത്. രണ്ടാഴ്ച അദ്ദേഹം ഇവിടെ സൂചിപ്പിച്ച സംഗതി, ആ പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിനുള്ള ഫണ്ട് നബാർഡിൽ നിന്നെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2005 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ എൽ.ഐ.സി.-യുടെ സഹായത്തോടുകൂടിയുള്ള പുത്തൻവേലിക്കൽ പദ്ധതി, ഇതിന്റെ പ്രവർത്തനങ്ങൾ കുറേയെല്ലാം മുന്നോട്ട് നീങ്ങിയിട്ടുണ്ട്. ചില പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. 2005 ഡിസംബറിൽ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly